## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5204. 02.07.2013 ൽ മറുപടിയ്ക്ക്.

### വാഹന രജിസ്ട്രേഷന് ആധാർ കാർഡ് അംഗീകരിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പമന്ത്രി |
|---|---|---|
| (എ) വാഹന രജിസ്ട്രേഷന് ആധാർ കാർഡ് അംഗീകരിച്ചിട്ടുണ്ടോ; ഇപ്പോൾ നിലവിലുള്ള മേൽ - വിലാസത്തിൽ വാഹനം രജിസ്റ്റർ ചെയ്യുന്നതിന് സൗകര്യം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. നിലവിലുള്ള മേൽവിലാസം തെളിയിക്കുന്നതിന് 1989 ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 4-ൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും രേഖ ഉണ്ടെങ്കിൽ വാഹനം രജിസ്റ്റർ ചെയ്യാവുന്നതാണ്. |
| (ബി) ആർ.സി. ബുക്കിൽ വാഹന ഉടമയുടെ ഫോട്ടോ പതിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചോ ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (ബി) | 01/07/2013 തീയതി മുതൽ വാഹനം രജിസ്റ്റർ ചെയ്യുന്നതിനോ, ഉടമസ്ഥാവകാശം മാറ്റുന്നതിനോ, പെർമിറ്റ് നൽകുന്നതിനോ അപേക്ഷകൾ ഹാജരാക്കുമ്പോൾ, ഏറ്റവും പുതിയ രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ കൂടി ഹാജരാക്കേണ്ടതാണ്. അപേക്ഷ ഓൺലൈനായിട്ടാണ് ഹാജരാക്കുന്നതെങ്കിൽ ഡീലർ അല്ലെങ്കിൽ അപേക്ഷകൻ തന്റെ ഫോട്ടോ സ്കാൻ ചെയ്ത് അപ് ലോഡ് ചെയ്യേണ്ടതാണ്. വാഹന ഉടമസ്ഥന്റെ ഫോട്ടോ ഒട്ടിച്ചതിന് ശേഷം മാത്രമേ ആർ.സി.ബുക്ക് ലാമിനേറ്റ് ചെയ്യൂ. |
| (സി) വാഹനങ്ങളുടെ ആർ.സി ബുക്ക് ലഭിക്കുന്നതിനും, ഹൈപ്പോത്തിക്കേഷൻ മാറ്റുന്നതിനും നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.